10938
20/10/14

## കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ സന്നദ്ധസംഘടനകൾക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ (സി) വകുപ്പ്

സ.ഉ (സാ.ധാ)നം.630/2014/സാ ...വ തീയതി, തിരുവനന്തപുരം, 17.10.2014

---

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 15.3.2014,16.6.14 എന്നീ തിയതികളിലെ G3-14843/11 നം കത്തുകൾ.

## ഉത്തരവ്

ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾക്ക് 2013-14 സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ട 19,54,238/- രൂപ 2235-60-200-83 (പ്ലാൻ) ശീർഷകത്തിൽ നിന്ന് കണ്ടെത്തുന്നതിന് അനുമതി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ സമർപ്പിച്ച പട്ടികയിലെ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 7 സന്നദ്ധസംഘടനകൾക്ക് ധനസഹായം വിതരണം ചെയ്യുന്നതിനായി ആകെ 19,54,238/- (പത്തൊൻപത് ലക്ഷത്തി അൻപത്തിനാലായിരത്തിഇരുന്നൂറ്റി മുപ്പതിയെട്ട് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83 (പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/), തിരുവനന്തപുരം
ജില്ലാ സാമൂഹ്യനീതി ഓഫീസർ, തിരുവനന്തപുരം/എറണാകുളം
ധനകാര്യ വകുപ്പ് (29.9.2014-ലെ 67455/WW2/14/Fin പ്രകാരം)
✓വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

Jayasree

സെക്ഷൻ ഓഫീസർ

&